പോലീസ് വെടിവയ്പും മർദ്ദനങ്ങളും

* 41. (191) [ശ്രീ. സി. വാസുദേവമേനോൻ
,, മുസ്തഫാ കെമാൽ
,, ഈ. വി. കുമാരൻ
,, പി. ജി. പുരുഷോത്തമൻപിള്ള
,, ഈ. ബാലാനന്ദൻ
,, വി. കൃഷ്ണദാസ്
,, സി. ബി. ചന്ദ്രശേഖരവാര്യർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയംമറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പോലീസ്ഭാഗത്തുനിന്നും വെടിവയ്പും, മർദ്ദനങ്ങളും നടന്നതിനെപ്പറ്റി എത്ര ആക്ഷേപങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പോലീസ് മർദ്ദനങ്ങളുടെയും, വെടിവയ്പിന്റെയും ഫലമായി എത്രപേർ മരിക്കുകയും, പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്;

(സി) പിക്കറ്റ് ചെയ്തവരുടെ മേൽ വെടിവയ്പ് നടത്തത്തക്ക സാഹചര്യങ്ങളൊന്നുമുണ്ടായിരുന്നില്ലെന്നുള്ള അഭിപ്രായം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1967-നു ശേഷം ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതുവരെ ഏതെല്ലാം രാഷ്ട്രീയസംഘടനകളും കളക്ടറേറ്റ് പിക്കറ്റിംഗ് സമരങ്ങളും നടത്തിയിട്ടുണ്ട്; ഏതേതു തീയതികളിൽ;

(ഇ) അവയിലോരോന്നിലും എത്രപേർ വീതം പങ്കെടുത്തു;

(എഫ്) അവയുടെ നേർക്ക് പോലീസ് മർദ്ദനങ്ങളുണ്ടായിട്ടുണ്ടോ;

(ജി) 1969 ഡിസംബർ ഒന്നാംതീയതി കോഴിക്കോട്ടു നടന്ന പിക്കറ്റിംഗിനോടനുബന്ധിച്ച് എത്രതല്ലാം എം. എൽ. എ. മാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എച്ച്) അവരുടെമേൽ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾ എന്തൊക്കെയാണ് ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി [ശ്രീ. സി. എച്ച്. മുഹമ്മദ്കോയ:

(എ) പല ആക്ഷേപങ്ങളും പ്രമേയങ്ങളും ലഭിച്ചിട്ടുണ്ട്. അതിന്റെ കൃത്യമായ കണക്കുകൾ വച്ചിട്ടില്ല.

(ബി) 4 പേർ വെടിവയ്പിൽ മരിച്ചു. 21 പേർക്കു ലാത്തിച്ചാർജിലും, 5 പേർക്ക് വെടിവയ്പിലും പരിക്കുപറ്റി.

(സി) 1969 ഡിസംബർ 1-ാംതീയതി കോഴിക്കോട്ടും പാലക്കാട്ടും ഉണ്ടായ പോലീസ് വെടിവയ്പിനും ലാത്തിച്ചാർജിനും ഇടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിന് ഗവൺമെൻറ് ഒരു ഇൻക്വയറി കമ്മിഷനെ നിയമിച്ചിട്ടുണ്ട്. കമ്മിഷന്റെ റിപ്പോർട്ടു ലഭിക്കുന്നതിനു മുൻപായി ഇതിനെപ്പറ്റി ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല.

(ഡി, ഇ, എഫ്) കളക്ടറേറ്റിൽ ഇതിനെ സംബന്ധിച്ച കണക്കുകൾ വയ്ക്കാത്തതുകൊണ്ട് ഈ വിവരം ശേഖരിക്കുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീ. ഇ. വി. കുമാരൻ, ശ്രീ. എം. കെ. കേളു, ശ്രീ. വി. വി. കൃഷ്ണമൂർത്തി, ശ്രീ പി. സി. രാഘവൻനായർ.

(എച്ച്) കോഴിക്കോടു ടൗൺ പോലീസ് സ്റ്റേഷനിൽ ഇൻ ഡ്യൻ പീനൽകോഡിലെ 143, 147, 148, 149, 341, 283, 427, 332 വകുപ്പുകളും പ്രകാരം 247/69-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മർദ്ദനത്തിനു വിധേയരായ എം. എൽ. എ. മാർ എന്തെല്ലാം കുറ്റങ്ങളാണു ചെയ്തതെന്നു വിശദീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 'എച്ച്'ന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ടു നടന്ന വെടിവയ്പു സംഭവത്തെ വെടിവയ്ക്കാൻ കൽപ്പന പുറപ്പെടുവിക്കാവുന്ന ഉദ്യോഗസ്ഥൻമാർ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നതു ശരിയാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും പറയുന്നതു ശരിയായിരിക്കുകയില്ല, അന്വേഷണത്തിനുശേഷം പറയാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ശരിയാണോ എന്നാണു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അന്വേഷണത്തിനു വിധേയമായ കാര്യമായതുകൊണ്ടു ഞാൻ പറയുകയില്ല.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി: ജനുവരി 5-ാം തീയതി കണ്ണൂർ കളക്ടറേറ്റിനു മുൻപിലേയ്ക്കു സമാധാനപരമായി പിക്കറ്റിംഗിനു പോയിട്ടുള്ള സോഷ്യലിസ്റ്റു യുവജനസംഘം വാളണ്ടിയർമാരുടെനേരെ ലാത്തിച്ചാർജ് നടത്തിയ സംഭവത്തെ തുടർന്ന്, അന്നു കസ്റ്റഡിയിലെടുത്ത് ലോക്കപ്പിലിട്ട് മർദ്ദനം നടത്തപ്പെട്ട 16 പേരും നേരത്തെ പറഞ്ഞ കൂട്ടത്തിൽപ്പെടുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പെടുമോ എന്നു കൃത്യമായി ഇപ്പോഴും പറയാൻ കഴിയുകയില്ല; ഇത് ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരമാണ്.

ശ്രീ. ബി. മാധവൻനായർ: പരസ്യാന്വേഷണമാവശ്യമില്ലെന്നു പറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയകക്ഷി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരിട്ട് അറിയിച്ചിട്ടില്ല. അങ്ങനെ പറഞ്ഞതായി പത്രപ്രസ്താവന ഞാൻ വായിച്ചിട്ടുണ്ട്.

WRITTEN ANSWERS

ഇൻഫർമേഷൻ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

* 50 (197) ശ്രീ. ഈ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ വകുപ്പിന്റെ കീഴിൽ എത്ര പ്രസിദ്ധീകരണങ്ങളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly